I ഇ.ബി. XIV - കേരള നിയമസഭ /X-10

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 13, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I. അടിയന്തരപ്രമേയം

കെ.എസ്.ആർ.ടി.സി.പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നീക്കം

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി.ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്താനുള്ള മുഖ്യമന്ത്രിയുടെ നിർദ്ദേശവും ഇത് മറ്റ് മേഖലകളിലേയ്ക്ക് പടിപടിയായി വ്യാപിപ്പിക്കാനുള്ള സാദ്ധ്യതയും തൊഴിൽ അവസരങ്ങളെ ദോഷകരമായി ബാധിക്കുമെന്ന തൊഴിൽരഹിതരായ ചെറുപ്പക്കാരുടെ ആശങ്കയും മൂലം ഉളവായിട്ടുള്ള ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ടി. ബൽറാം, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തണമെന്നത് സുശീൽ ഖന്ന റിപ്പോർട്ടിലെ ഒരു നിർദ്ദേശം മാത്രമാണ്. പെൻഷൻ പ്രായം 60 ആക്കി വർദ്ധിപ്പിക്കുന്നതിലൂടെ കോർപ്പറേഷന്റെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കാൻ കഴിയുമെന്ന കാര്യം ചർച്ചചെയ്യണമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. കോർപ്പറേഷനെ സംരക്ഷിക്കാൻ സഹായകമാകുംവിധത്തിൽ പ്രസ്തുത നിർദ്ദേശങ്ങൾ വിവിധ രാഷ്ട്രീയ കക്ഷിനേതാക്കാൾ സംയുക്തമായി അതാത് തലങ്ങളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടത് അനിവാര്യമാണ്. സർക്കാർ-സർക്കാരിതര-പൊതു മേഖലാ സ്ഥാപനങ്ങളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിനും ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ലഭ്യമാകത്തക്കവിധത്തിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നിശ്ചയദാർഢ്യത്തോടുകൂടിയുള്ള നിലപാടുകളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി. ടി. ബൽറാം: സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത 35 ലക്ഷത്തിലേറെ ചെറുപ്പക്കാരുടെ ആശങ്കയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്

അവതരിപ്പിക്കുന്നത്. 25245 -ൽ അധികം ആളുകൾക്ക് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമനം നൽകിയിരുന്ന കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ അവസ്ഥ തികച്ചും പരിതാപകരമാണ്. പി.എസ്.സി.വഴി നിയമന ഉത്തരവ് ലഭിച്ച 4050 കണ്ടക്ടർമാർക്ക് നിയമനം നൽകാൻ കെ.എസ്.ആർ.ടി.സി.ക്ക് സാധിക്കുന്നില്ലെന്ന് മാത്രമല്ല, 1300 ഓളം പേരെ പിരിച്ചുവിടുകയും ഡ്യൂട്ടി മാറ്റത്തിന്റെ പേരിൽ ജീവനക്കാർക്ക് പീഡനങ്ങൾ നേരിടേണ്ടി വരികയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പരിഷ്കരണവുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള സുശീൽ ഖന്ന റിപ്പോർട്ടിലെ വിവിധ ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ സർക്കാർ തയ്യാറാകണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താനുള്ള നിർദ്ദേശം മറയാക്കി മറ്റു വകുപ്പുകളിലും പെൻഷൻ പ്രായം ഉയർത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ ഒളിച്ചുകളി നടത്തുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ മറപിടിച്ച് പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ച് ലക്ഷോപലക്ഷം യുവജനങ്ങളുടെ ഭാവിസ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്താനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. മുഖ്യമന്ത്രിയുടേത് സ്വേച്ഛാധിപത്യ തീരുമാനമാണെന്ന് പറയാതിരിക്കാനാവില്ല. അതീവ ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: കെ.എസ്.ആർ.ടി.സി.-യിൽ നാല്പതിനായിരത്തോളം പെൻഷൻകാരും മുപ്പത്തൊമ്പതിനായിരത്തോളം ജീവനക്കാരും അവരെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങളുമുണ്ട്. അവരെ സംരക്ഷിക്കുക, കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുക എന്ന നയമാണ് ഭരണ-പ്രതിപക്ഷ ഭേദമെന്യേ സ്വീകരിക്കേണ്ടത്. അതിന്റെ ഭാഗമെന്ന നിലയിൽ ബാങ്കുകളുടെ കൺസോർഷ്യവുമായി ചർച്ച ചെയ്ത് വായ്പാ തിരിച്ചടവിനുള്ള കാലാവധി വർദ്ധിപ്പിച്ചുകൊണ്ട് പലിശയിനത്തിൽ മാത്രം ഒരു മാസം 60 കോടി രൂപയുടെ ചെലവ് ചുരുക്കൽ നടപടിയുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കെ.എസ്.ആർ.ടി.സി.-യെ ഇപ്പോഴത്തെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് മുൻ ഗവൺമെന്റിന്റെ കാലത്തും സമാനമായ പല നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുള്ളതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുപ്പത്തിനാലോളം പൊതുമേഖലാ സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം 60 ആക്കി ഉയർത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുവേണ്ടി ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി നിൽക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ യൂണിയനുകളും സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങളുമായി യോജിക്കുന്നവരാണ്. എല്ലാവരുംകൂടി സഹകരിച്ച് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ പ്രായ വർദ്ധനവ് സംബന്ധിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല, ആലോചന നടക്കുന്നതേയുള്ളൂ.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. രമേശ് ചെന്നിത്തല, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി: കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന ആശ്വാസകരമാണ്. യുവജനസംഘടനകളുമായും മറ്റും ആലോചിച്ച ശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാവൂ. മേൽപ്പറഞ്ഞ സാഹചര്യത്തിൽ വാക്കൗട്ട് നടത്താൻ ഉദ്ദേശിക്കുന്നില്ല.

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## II. ശ്രദ്ധക്ഷണിക്കൽ

(1) ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. രാജഗോപാലൻ : സംസ്ഥാനത്തെ ബീഡി വ്യവസായം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഏകദേശം രണ്ടര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ മേഖലയിൽ ഇപ്പോൾ വളരെക്കുറച്ച് തൊഴിലാളികൾ മാത്രമാണുള്ളത്. അവരിൽ തൊണ്ണൂറ്റിയെട്ട് ശതമാനവും സ്ത്രീകളാണ്. ബീഡിക്കുമേൽ 28 ശതമാനം നിരക്കിൽ ജി.എസ്.ടി. ഏർപ്പെടുത്തിയതിന്റെ ഫലമായി വില ക്രമാതീതമായി വർദ്ധിക്കുകയും വിൽപ്പന കുറയുകയും ചെയ്തു. 42,000-ത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന കേരള ദിനേശ് ബീഡിയിൽ ഇപ്പോൾ 5,000-ത്തോളം തൊഴിലാളികൾ മാത്രമാണുള്ളത്. വ്യാജ ബീഡിയുടെ വില്പന വലിയതോതിലുള്ള നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതിക്ക് അംഗീകാരം നൽകുകയും തൊഴിലാളികൾക്ക് ഇടക്കാലാശ്വാസമായി പൂരകവേതനം അനുവദിക്കാൻ നടപടിയുണ്ടാകുകയും വേണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ബീഡി

തൊഴിലാളികളുടെ പ്രശ്നങ്ങളോട് അനുഭാവപൂർവ്വമായ സമീപനമാണ് സർക്കാരിനുള്ളത്. ഉയർന്ന ജി.എസ്.ടി. നിരക്ക് ബീഡി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് അർഹതപ്പെട്ട വിഹിതം ബീഡി വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്ക് തിരികെ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി ബീഡി എത്തുന്നത് തടയുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതിക്ക് തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(2) സാമ്പത്തിക പ്രതിസന്ധി

ശ്രീ. എ. പി. അനിൽ കുമാർ: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക നയങ്ങളിലെ വീഴ്ചകൾമൂലം കേരളം ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളെയും സാമ്പത്തിക മാന്ദ്യം ബാധിച്ചിരിക്കുന്നു. വ്യാപാരത്തിൽ കനത്ത ഇടിവ് സംഭവിച്ചതിന്റെ ഫലമായി വിൽപ്പന കുറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിലാളികളെ പിരിച്ചുവിടുന്ന സാഹചര്യം വരെ ഉണ്ടായിരിക്കുകയാണ്. നോട്ടു നിരോധനവും ജി.എസ്.ടി.യും സംസ്ഥാനത്തിന്റെ സാമ്പത്തിക മുരടിപ്പിന്റെ പ്രധാന കാരണങ്ങളാണ്. സംസ്ഥാനത്തിന്റെ കടം വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്.

ജി.എസ്.ടി. നടപ്പാക്കിയതിന്റെ ഭാഗമായി എന്റർടെയിൻമെന്റ് ടാക്സ് നഷ്ടപ്പെട്ടതോടെ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടൽ ഉണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേന്ദ്ര സർക്കാർ നടപ്പാക്കിയ നോട്ടുനിരോധനവും മുന്നൊരുക്കമില്ലാതെ കൊണ്ടുവന്ന ജി.എസ്.ടി.യും സംസ്ഥാനത്തെ ചെറുകിടമേഖലയേയും സഹകരണമേഖലയേയും വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. നോട്ടുനിരോധനത്തിന്റെ മറവിൽ സംസ്ഥാനത്തെ സഹകരണമേഖലയെ തകർക്കുന്നതിനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തിയത്. ചെറുകിട മേഖലയ്ക്കുണ്ടായിരുന്ന എക്സൈസ് നികുതിയുടെ സംരക്ഷണം ജി.എസ്.ടി. വന്നപ്പോൾ നഷ്ടമായി. കേന്ദ്ര സർക്കാരിന്റെ ഇത്തരം നടപടികൾ രാജ്യത്തെ സാമ്പത്തികമുരടിപ്പ് കൂടുതൽ രൂക്ഷമാക്കി. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളുടെ മടങ്ങിവരവ് സംസ്ഥാനത്ത് പ്രതിസന്ധി ഇരട്ടിയാക്കി. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന പ്രസ്താവന വസ്തുതാവിരുദ്ധമാണ്. അമ്പതിനായിരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് സർക്കാർ ഈ വർഷം തുടക്കം കുറിക്കുന്നതാണ്. മാന്ദ്യവിരുദ്ധ

പാക്കേജെന്ന നിലയിൽ അത് ഫലപ്രദമായി നടത്താൻ നടപടി സ്വീകരിക്കുന്നതാണ്. ജി.എസ്.ടി. സാധാരണനിലയിലാകുന്നതോടെ ഇപ്പോഴുള്ള പ്രതിസന്ധി മറികടക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ചെറുകിട മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ പ്രധാന പരിഗണന നൽകുകയും സഹകരണ മേഖലയ്ക്കെതിരായ നീക്കത്തിൽ ശക്തമായ പ്രതിരോധം തീർക്കുന്നതിന്റെ ഭാഗമായി കേരള ബാങ്ക് രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കിലും എക്സംപ്ഷൻ ലിമിറ്റിലും മാറ്റങ്ങൾ വരുത്തിയതോടെ ജി.എസ്.ടി. മൂലമുണ്ടായ തിരിച്ചടിയിൽ നിന്നും കരകയറാൻ ചെറുകിടമേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. പ്രവാസികളുമായി ബന്ധപ്പെട്ട വിഷയത്തിൽ ലോകകേരള സഭയും തുടർപ്രവർത്തനങ്ങളും ശ്രദ്ധേയമായ ഇടപെടലാണ് നടത്തിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മുഴുവൻ ഗഡുക്കളും വിതരണം ചെയ്യുകയും എന്റർടെയിൻമെന്റ് ടാക്സിനത്തിലുള്ള തുക ഏപ്രിൽ മാസത്തിൽ നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുമുണ്ട്. നവകേരള മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

## III. സബ്മിഷൻ

### (1) ആർ.എസ്.എസ്. ആക്രമണം

ശ്രീ. ജെയിംസ് മാത്യു: എസ്.എഫ്.ഐ. പ്രവർത്തകർക്ക് നേരെയുള്ള ആർ.എസ്.എസ്. ആക്രമണവും കീഴാറ്റൂർ പ്രദേശത്തെ സമരത്തിൽ പങ്കെടുത്ത ആളുകളെ കൊലപ്പെടുത്തി കലാപത്തിന് പദ്ധതിയിട്ടിരുന്നതായുള്ള കസ്റ്റഡിയിലെടുത്ത പ്രതികളുടെ മൊഴിയും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കണം.

(ബഹു. മുഖ്യമന്ത്രി മറുപടി മേശപ്പുറത്തുവച്ചു.)

(2) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ തീർപ്പാക്കിയ പഴയ കേസുകൾ രേഖപ്പെടുത്തുന്നത് ഒഴിവാക്കുന്നതിനും നിലവിൽ കേസുകളില്ല എന്ന് രേഖപ്പെടുത്തുന്നതിനും നിർദ്ദേശം നൽകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) എരുമേലി വിമാനത്താവളം

ശ്രീ. പി. സി. ജോർജ്: എരുമേലി ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എരുമേലി ഗ്രീൻഫീൽഡ്

വിമാനത്താവളം സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) പുനരധിവാസം

ശ്രീ. ബി. ഡി. ദേവസ്സി: തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി വില്ലേജിൽ ചട്ടിക്കുളം ദേശത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന വേലായുധനെതിരെയുള്ള ഒഴിപ്പിക്കൽ നടപടി നിർത്തിവയ്ക്കുന്നതിനും കുടുംബത്തെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി വില്ലേജിൽ കനാൽ പുറമ്പോക്കിൽ താമസിക്കുന്ന വേലായുധനെയും കുടുംബത്തെയും പുനരധിവസിപ്പിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(5) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആവശ്യമായ ബസ്സുകൾ അനുവദിച്ച് യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പത്ത് ബസ്സുകളുടെ കുറവുള്ള പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ രണ്ട് ബസ്സുകൾ ഉടനെയും ബാക്കിയുള്ളവ ലഭ്യമാകുന്ന മുറയ്ക്കും എത്തിക്കുന്നതാണ്. പയ്യന്നൂരിൽനിന്നും

നീലേശ്വരം വരെ പുതിയ ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(6) നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. അടൂർ പ്രകാശ്: കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പഞ്ചായത്തിൽനിന്നും അനുമതി പത്രം ലഭിക്കുന്ന മുറയ്ക്ക് കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ യാർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതും ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

(7) ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം

ശ്രീ. റ്റി. വി. രാജേഷ്: ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ഇലക്ട്രിക്കൽ വർക്കുകൾ സമയബന്ധിതമായി ചെയ്യുന്നതിനും എൽ.എസ്.ജി.ഡി. തലത്തിൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ വിംഗ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം

ഒഴിവാക്കുന്നതിനായി ഫണ്ട് ജില്ലാതലത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കളക്ടർമാർക്ക് ലഭിക്കുന്ന ശിപാർശകളിന്മേൽ ഒരുമാസത്തിനുള്ളിൽ ഭരണാനുമതിയും അതിനുശേഷം 10 ദിവസത്തിനകം സാങ്കേതികാനുമതിയും നൽകണമെന്നും ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കാലതാമസം കൂടാതെ പ്രവൃത്തികൾ പൂർത്തീകരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) പ്രത്യേക അക്കൗണ്ട് നമ്പർ അനുവദിക്കൽ

ശ്രീ. പി. കെ. ബഷീർ: ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾ ഹൈ-ടെക് ആക്കുന്ന പദ്ധതിക്ക് പ്രത്യേക അക്കൗണ്ട് നമ്പർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): ഓരോ സ്കൂളിനും പ്രത്യേകം അക്കൗണ്ട് തുടങ്ങുന്നത് പ്രയാസമുള്ള കാര്യമായതിനാൽ ഒരുമിച്ച് ഒരു അക്കൗണ്ട് തുടങ്ങുന്ന കാര്യം ധനകാര്യ വകുപ്പ് സെക്രട്ടറിയുമായി ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

(9) പുനരധിവാസം

ശ്രീ. എൽദോ എബ്രഹാം: ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും അറുപത് വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ

നൽകുന്നതിനും ഇപ്പോഴും തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവർക്ക് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ ജോലി നൽകുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ചാരായ നിരോധനം സംബന്ധിച്ച് സുപ്രീം കോടതിൽ നിലവിലുള്ള കേസ് തീർപ്പാകുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

(10) ട്രാവൻകൂർ റയോൺസ് തൊഴിലാളികളുടെ കുടിശ്ശിക

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തൊഴിലാളികളുടെ കുടിശ്ശിക തീർപ്പാക്കുമ്പോൾ ഗ്രാറ്റുവിറ്റി തുക പൂർണ്ണമായും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ട്രാവൻകൂർ റയോൺസിന്റെ ബാദ്ധ്യതകൾ തീർക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഓണം അഡ്വാൻസ് ആയി നൽകിയ തുക തിരിച്ചുപിടിക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമായാലുടൻ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## IV. റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിമൂന്നും പതിനാലും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## V. ക്രമപ്രശ്നം

### (1) ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം

ശ്രീ. വി. ഡി. സതീശൻ: 2013-ൽ നിലവിൽ വന്ന തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിന് ഇതുവരെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ബിരുദങ്ങൾ നൽകുന്നതുൾപ്പെടെ സർവ്വകലാശാലയുടെ ദൈനംദിന കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ചട്ടങ്ങൾ രൂപീകരിച്ചാൽ മാത്രമേ കഴിയുകയുള്ളൂ. 2016-ൽ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് നിലവിൽ വന്നെങ്കിലും ഇതുവരെയും ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ ഈ നിയമങ്ങൾ നടപ്പിലാക്കിയിട്ടില്ല. നിയമസഭയുടെ അന്തസ്സ് നിലനിർത്തുന്നതിനും നിയമനിർമ്മാണംകൊണ്ട് ജനങ്ങൾക്ക് ഉപകാരം ലഭിക്കുന്നതിനും നിയമം വഴി രൂപീകൃതമായ സ്ഥാപനങ്ങൾ നന്നായി മുന്നോട്ടു കൊണ്ടുപോകുന്നതിനും അടിയന്തരമായി ചട്ടങ്ങൾ രൂപീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ നിയമത്തിന്റെ വകുപ്പ് 58 അനുസരിച്ച് പ്രഥമ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കേണ്ടത് സർക്കാരാണ്. കേരള നിയമസഭയുടെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടിന്റെയും ഉപചട്ടങ്ങളുടെയും കരടുകൾ സർക്കാരിന് ലഭ്യമാക്കാൻ തുഞ്ചത്ത് എഴുത്തച്ഛൻ

മലയാള സർവ്വകലാശാലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വകലാശാലയിൽ അദ്ധ്യാപകരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനായി അദ്ധ്യാപക നിയമനം ഉൾപ്പെട്ട സ്റ്റാറ്റ്യൂട്ടിന്റെ പ്രധാന ഭാഗം സർക്കാർ ഉത്തരവു പ്രകാരം നടപ്പിൽ വരുത്തിയിട്ടുണ്ട്. കരട് ചട്ടം തയ്യാറാക്കിയെങ്കിലും കോഴ്സുകൾ ആരംഭിച്ച് സർവ്വകലാശാല പ്രവർത്തനസജ്ജമായതോടെ കരട് ചട്ടങ്ങളിൽ ഭേദഗതി ആവശ്യമായി വന്നതിനാൽ  സമഗ്രമായി വിലയിരുത്തി വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് സർവ്വകലാശാല ഡീനുകൾ ഉൾപ്പെട്ട കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരട് റിപ്പോർട്ട് പരിശോധിച്ച് നടപടിക്രമം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടി ആക്ടിലെ അദ്ധ്യായം 8 വകുപ്പ് 45-ൽ പറയുന്ന കാര്യങ്ങൾ ഉത്തരവുകൾ പുറപ്പെടുവിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രഥമ സ്റ്റാറ്റ്യൂട്ട് വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് അവശേഷിക്കുന്നവ സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകൾ തയ്യാറാക്കുന്നതാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് നിലവിൽ വന്നതിനെത്തുടർന്ന് 2015-ലെ ആക്ട് റദ്ദാക്കുകയും സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം

അവസാനിപ്പിക്കുകയുമുണ്ടായി. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനും റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുമുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. നിർദ്ദിഷ്ട അതോറിറ്റി രൂപീകരിക്കുന്നതുവരെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ഇടക്കാല അതോറിറ്റിയായി നിയമിച്ചിട്ടുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് എന്നീ നിയമങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതുമൂലം ഉളവായ ബുദ്ധിമുട്ടുകൾ സംബന്ധിച്ച പ്രസക്തമായ കാര്യമാണ് ക്രമപ്രശ്നത്തിൽ ഉന്നയിച്ചത്. നിയമം രൂപീകരിക്കപ്പെട്ടതിനുശേഷം ചട്ടങ്ങൾ ഉണ്ടാകുന്നില്ല എന്നത് നിരന്തരം സഭയിൽ ഉന്നയിക്കപ്പെടുന്നത് ഖേദകരമാണ്. സഭ പാസ്സാക്കുന്ന നിയമങ്ങൾ അനുസരിച്ച് യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് നിരവധി ക്രമപ്രശ്നങ്ങൾ സഭയിൽ ഉയർന്നുവരികയും അതിന്മേലൊക്കെ കർശനമായ റൂളിംഗുകൾ നൽകിയിട്ടുള്ളതുമാണ്. നിയമസഭയോ പാർലമെന്റോ പാസ്സാക്കുന്ന നിയമങ്ങൾക്കനുസൃതമായി നിർമ്മിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസം ഉണ്ടാകുന്നു എന്നത് ഖേദകരമാണ്.

നിലവിൽ ഇക്കാര്യത്തിൽ ചെറിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഓരോ നിയമത്തിന്റെയും പേരിൽ ക്രമപ്രശ്നങ്ങൾ ആവർത്തിച്ച് സഭയിൽ ഉയർന്നുവരുന്നതിന് പ്രത്യേകം റൂളിംഗ് നൽകേണ്ടിവരുന്നത് ആശാസ്യകരമല്ല. ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ 90 ദിവസത്തിനകം കരട് ചട്ടങ്ങൾ തയ്യാറാക്കി അവ മുൻകൂർ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന വ്യക്തമായ വ്യവസ്ഥ നിയമസഭാ ചട്ടങ്ങളിലെ ചട്ടം 238-ൽ ഉണ്ടെങ്കിലും അവ പാലിക്കപ്പെടാത്തതിന്റെ കാരണം ഗൗരവപൂർവ്വം പരിശോധിക്കണം. ഇത് ആവർത്തിക്കാതിരിക്കാൻ നടപടിയെടുക്കണം. എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അവരവരുടെ വകുപ്പിന് കീഴിൽ വരുന്ന നിയമങ്ങൾക്കനുസൃതമായ ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് കൃത്യമായി പരിശോധിക്കണമെന്നും നിയമ വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്നും വീഴ്ചകൾ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

(2) <u>തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നടത്തിയ പരാമർശം</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി 12-03-2018-ന് ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞ അവസരത്തിൽ

ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനെ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞ് ആക്ഷേപിക്കുകയുണ്ടായി. ഒരു മന്ത്രി നിയമസഭയിൽ നിരുത്തരവാദപരമായ പ്രസ്താവനകൾ നടത്താൻ പാടില്ല. 1948-ൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തതും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും പാർലമെന്റിലും ജനപ്രതിനിധികളുണ്ടായിരുന്നതുമായ ഒരു പാർട്ടിയെ അധിക്ഷേപിക്കുന്ന വിധത്തിൽ 44 കൊലപാതകങ്ങൾ നടത്തിയെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. ഇതുസംബന്ധിച്ച് നിയമപരമായ രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനും ഈ വിഷയവുമായി ബന്ധപ്പെട്ട സഭാനടപടികളുടെ പ്രസക്ത ഭാഗങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യുന്നതിനും ചെയറിന്റെ റൂളിംഗ് ഉണ്ടാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രസ്തുത ക്രമപ്രശ്നം ഇന്ന് സഭയിൽ പരിഗണിക്കപ്പെടുന്ന വിഷയവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ഇതിന്റെ ഉദ്ദേശ്യം ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ ക്രമപ്രശ്നം അനുവദിച്ചതിനെ എതിർക്കുന്നത് കീഴ്വഴക്കങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: ഇതേ വിഷയം ഇന്നലെ ശ്രീ. എം. ഉമ്മർ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ സത്യവിരുദ്ധവും വസ്തുതാവിരുദ്ധവുമായ കാര്യങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നീക്കം ചെയ്യുന്നതാണെന്ന് ചെയർ റൂളിംഗ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത റൂളിംഗ് ചെയർ വീണ്ടും ആവർത്തിക്കുകയാണ്. സഭയിൽ നടക്കുന്ന പ്രസംഗങ്ങളും അതിന്റെ ഉള്ളടക്കവും രാഷ്ട്രീയ ആരോപണങ്ങളും പ്രത്യാരോപണങ്ങളും സംബന്ധിച്ച് ചെയർ പരിശോധിച്ച് സത്യാവസ്ഥ നിർണ്ണയിക്കണമെന്ന് പറയുന്നത് സാധ്യമായ കാര്യമല്ല. സത്യവിരുദ്ധമായ കാര്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## VI. ധനകാര്യം

### <u>2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>: താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
(6727,19,18,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (527,97,01,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും (4676,60,96,000 രൂപ)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീമതി വീണാ ജോർജ്ജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ പൊതു ആരോഗ്യമേഖല കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. ആർദ്രം മിഷന്റെ ഭാഗമായി 170 പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടു. കഴിഞ്ഞ ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ ആരോഗ്യ മേഖലയിൽ അനിശ്ചിതാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. ആരോഗ്യ മേഖല ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജനറൽ

ആശുപത്രിയിൽ കാത്ത്ലാബ് അനുവദിച്ചതും സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കിയതും പൊതുജനാരോഗ്യ സേവനങ്ങൾക്കായി 1630 കോടി രൂപ മാറ്റിവച്ചതും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പാക്കാനുള്ള സർക്കാരിന്റെ ശ്രമവും അഭിനന്ദനാർഹമാണ്. ആംബുലൻസ് ഇ-നെറ്റ്വർക്ക് സംവിധാനം സാധാരണക്കാർക്ക് പ്രയോജനപ്രദമാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി സർക്കാർ 6000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആർ.എസ്.ബി.വൈ പദ്ധതിയിലുൾപ്പെട്ട കുടുംബങ്ങൾക്ക് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ലഭിച്ചാൽ പ്രീമിയം തുക സംസ്ഥാന സർക്കാർ അടച്ചുകൊണ്ട് എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ നിലനിർത്തുമെന്ന തീരുമാനം സ്തുത്യർഹമാണ്. പദ്ധതി അടങ്കലിന്റെ 14.5 ശതമാനം തുക സ്ത്രീശാക്തീകരണത്തിനുവേണ്ടി മാറ്റിവച്ചതും എൻഡോസൾഫാൻ ദുരിതബാധിത പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 കോടി രൂപ അനുവദിച്ചതും ട്രാൻസ്ജൻഡറുകൾക്കായി 10 കോടി രൂപ നീക്കിവച്ചതും ജില്ലാ കേന്ദ്രങ്ങളിൽ സേഫ് ഹോംസ് അനുവദിച്ചതും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി ആവാസ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. ഇടമലക്കുടിയിലെ ആദിവാസി മേഖലയിൽ ജീവിതശൈലിയും പോഷകാഹാരക്കുറവുംമൂലം ജനസംഖ്യ കുറയുന്ന കാര്യം

പരിശോധിക്കണം.

ശ്രീ. കെ. എസ്. ശബരീനാഥൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ മേഖലയിൽ നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം കേരളം കുറഞ്ഞ പോയിന്റുകളാണ് ഈ വർഷം നേടിയിട്ടുള്ളത്. പോഷകാഹാരക്കുറവ്, കുട്ടികളിലെ തൂക്കക്കുറവ്, വാക്സിനേഷൻ എന്നിവയുടെയെല്ലാം സൂചികകൾ വളരെ പിന്നിലാണ്. സർക്കാർ അങ്കണവാടിയുടെയും ഐ.സി.ഡി.എസ്സിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും പബ്ലിക് ഹെൽത്ത് ക്യാമ്പയിൻ സംഘടിപ്പിക്കുകയും ചെയ്യണം. സ്വകാര്യ ആശുപത്രികളെ സഹായിക്കുന്ന നിലപാട് സർക്കാർ ഉപേക്ഷിക്കണം. പനിമൂലം നിരവധിയാളുകൾ മരിക്കാനിടയായ സാഹചര്യം ദൗർഭാഗ്യകരമാണ്. സർക്കാരാശുപത്രികളിൽ ഹൃദയശസ്ത്രക്രിയ മുടങ്ങുന്ന സാഹചര്യം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കണം. സ്നേഹപൂർവ്വം, മിഠായി, അനുയാത്രാ, കോക്ലിയർ ഇംപ്ലാന്റേഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. സാമൂഹ്യനീതി വകുപ്പിന് അർഹമായ പരിഗണന നൽകുന്നതിനും വനിതാ ശിശുക്ഷേമ വകുപ്പിൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ മേഖലയിൽ സാമൂഹ്യക്ഷേമം ഉറപ്പാക്കിക്കൊണ്ടുള്ള നയസമീപനമാണ് ഗവൺമെന്റ്

സ്വീകരിച്ചുവരുന്നത്. കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ അഞ്ച് ശതമാനത്തിലധികം തുക ആരോഗ്യ മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചതും ആരോഗ്യ മേഖലയിൽ 4200-ലധികം തസ്തികകൾ സൃഷ്ടിച്ചതും മെഡിക്കൽ പി.ജി.ക്ക് 150 സീറ്റുകൾ വർദ്ധിപ്പിച്ചതും ചരിത്രനേട്ടമാണ്. ഒ.പി. വിഭാഗത്തെ രോഗീസൗഹൃദമാക്കിയതും പി.എച്ച്.സി.കളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയതും രോഗീപരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിൽ ചികിത്സ ഉറപ്പുവരുത്തിയതും ശ്ലാഘനീയമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ സെന്റർ ഫോർ എക്സലൻസാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കേരളത്തിൽ ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നതിന് 96 കോടി രൂപ വകയിരുത്തി. ടി സംവിധാനം ഏഴ് ജില്ലകളിൽ ആരംഭിക്കുകയും ബാക്കി ജില്ലകളിൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലും എസ്.എ.ടിയിലും ഓൺലൈൻ ഒ.പി. സംവിധാനം ആരംഭിച്ചു. 2019 ആകുമ്പോഴേയ്ക്കും കേന്ദ്രീകൃത ഒ.പി. സംവിധാനം നിലവിൽ വരും. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ എയിംസ് നിലവാരത്തിലുള്ള ട്രോമാകെയർ സംവിധാനം ആരംഭിക്കും. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ

ഇ.എസ്.ഐ. തൊഴിലാളികൾക്ക് ചികിത്സാസൗകര്യം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആശങ്കകൾ പരിഹരിക്കണം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ മേഖലയിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുവരെയുള്ള വികസന പ്രവർത്തനങ്ങൾക്ക് യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനും ആശുപത്രി വികസനങ്ങളിലും പദ്ധതി പ്രവർത്തനങ്ങളിലും ബന്ധപ്പെട്ട എം.എൽ.എ.മാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. ആർദ്രം മിഷനുവേണ്ടി ലോട്ടറി ആരംഭിക്കാനുള്ള നീക്കം ഉപേക്ഷിക്കണം. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാത്ത്‌ലാബ് ആരംഭിക്കുന്നതോടൊപ്പം ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും സേവനം ഉറപ്പുവരുത്താനും സാധിക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആർദ്രം മിഷൻ രൂപീകരണത്തിലൂടെ പൊതുജനാരോഗ്യമേഖലയ്ക്ക് ഉണർവ് നൽകിയതിന്റെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബക്ഷേമ കേന്ദ്രങ്ങളാക്കി ഉയർത്തിയ സർക്കാർ നിലപാട് സ്വാഗതാർഹമാണ്. ജില്ലയിലെ ജനറൽ

ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി ആക്കാനും മലപ്പുറം/പൊന്നാനി എന്നിവിടങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി പുതിയ ആശുപത്രി ആരംഭിക്കാനും നടപടി സ്വീകരിച്ചു. മുൻകൂർ ക്യാൻസർ പരിശോധനാ കേന്ദ്രങ്ങളിലൂടെ ക്യാൻസർ കെയർ സ്ട്രാറ്റജി ആവിഷ്കരിക്കുമെന്ന പ്രഖ്യാപനം സാക്ഷാത്കരിക്കണം. ആരോഗ്യരംഗത്ത് കുടുംബക്ഷേമവകുപ്പിലും ജില്ലാ-താലൂക്ക് ആശുപത്രികളിലും ഡോക്ടർമാരുടെയും, നഴ്സുമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും ആയിരത്തിലധികം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. സർക്കാർ ആശുപത്രികളിലെ പേവാർഡുകളിൽ ഉൾപ്പെടെ ക്രാഷ് കാർട്ട് സംവിധാനം ഏർപ്പെടുത്തുന്നതിനും കാഷ്വാലിറ്റിയിലും ട്രോമാകെയർ സെന്ററികളിലുമെത്തുന്ന രോഗികളുടെ പരാതി പരിഹരിക്കുന്നതിനായി വൈഡ് ആംഗിൾ ക്യാമറകൾ സ്ഥാപിക്കുന്നതിനും റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ നൽകുന്നതിനും നടപടി സ്വീകരിക്കണം. കുട്ടികളുടെ സുരക്ഷയ്ക്കായി ഡേ കെയർ സെന്ററുകളിൽ ക്യാമറകൾ സ്ഥാപിക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റി വിഭാഗം ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് റീ അറേഞ്ച് ചെയ്യുന്നതിനും ഐ.സി.യു/ സ്കാനിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

മാനദണ്ഡങ്ങളനുസരിച്ച് നടത്തണം.

<u>ശ്രീ. പി. സി. ജോർജ്</u>: ആരോഗ്യ മേഖലയിൽ നിരവധി തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്ത ഗവൺമെന്റ് നിലപാട് അഭിനന്ദനാർഹമാണ്. പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം ആശുപത്രിയെ താലൂക്ക് ആശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കണം. കസ്റ്റഡി മരണം സംഭവിച്ച സജിമോന്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, പൊതുവിതരണം, സമ്പൂർണ്ണ വൈദ്യുതീകരണം എന്നീ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടം മാതൃകാപരമാണ്. ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനങ്ങളുടെ ഫലമായാണ് ആരോഗ്യ നയം പ്രഖ്യാപിക്കാൻ സാധിച്ചത്. ആർദ്രം മിഷനിലൂടെ പി.എച്ച്.സി.കളെ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള ശ്രമമാണ് നടക്കുന്നത്. 5 ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്താൻ സാധിച്ചതും തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആൻജിയോപ്ലാസ്റ്റി സർജറി നടത്താനുള്ള തീരുമാനവും ആരോഗ്യ മേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതും പ്രശംസനീയമാണ്. ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിന് 20 കോടി

ത്തുപ മാറ്റി വച്ചത് സ്വാഗതാർഹമാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: കേരളത്തിന്റെ ആരോഗ്യ മേഖല ലോകാരോഗ്യ സംഘടനയുടെ പ്രശംസ ഏറ്റുവാങ്ങിയതാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളാണ് കേരള വികസന മാതൃകയുടെ അടിസ്ഥാനം. ആരോഗ്യ രംഗത്ത് ചെലവഴിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ തിരിച്ചുവരുന്നത് തടയുന്നതിനും മാലിന്യനിർമ്മാർജ്ജനം, പരിസര ശുചിത്വം, കൊതുക് നിവാരണം, ശുദ്ധജല വിതരണം എന്നിവ ഫലപ്രാപ്തിയിലെത്തിക്കുന്നതിനും സാധിക്കണം. മികച്ച ആരോഗ്യ നയം പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. സമഗ്ര ആരോഗ്യ പദ്ധതി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. സ്റ്റാഫ് പാറ്റേണിൽ ഭേദഗതി വരുത്തി തസ്തികകൾ സൃഷ്ടിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി 2019-ൽ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇടുക്കി ജില്ലയിലെ ഫാമിലി ഹെൽത്ത് സെന്ററുകളും അനുബന്ധ സൗകര്യങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് അധിക തസ്തിക സൃഷ്ടിച്ച് താലൂക്ക് ആശുപത്രിയും ജില്ലാ ആശുപത്രിയും സ്റ്റൈങ്തെൻ ചെയ്യാനും കുട്ടികളുടെ ആശുപത്രിയിൽ ഡോക്ടറെ നിയമിക്കാനും നടപടിയുണ്ടാകണം.

ശ്രീമതി യു. പ്രതിഭ ഹരി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമ്പൂർണ്ണ ട്രോമാകെയർ സംവിധാനം പ്രാവർത്തികമാക്കുക, കേരളത്തെ അപകടരഹിത സംസ്ഥാനമാക്കി മാറ്റുക, അത്യാധുനിക സംവിധാനങ്ങളോടെ സി.ടി. സ്കാൻ മെഷീനുകൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളിലൂടെ ഒരു പൊതുജനാരോഗ്യനയം രൂപീകരിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സ്വകാര്യ ആശുപത്രികൾക്കും അനധികൃതമായി നടത്തുന്ന പ്രൈവറ്റ് ലാബുകൾക്കും രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സ്ഥാപനങ്ങൾക്കും കടിഞ്ഞാണിടുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. ഭിന്നശേഷിക്കാർക്കായി അനുയാത്രാ പരിപാടി സംഘടിപ്പിച്ചതും ജില്ലാതലത്തിൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചതും സ്വാഗതാർഹമാണ്. സ്കൂൾ അഡ്മിഷന് വാക്സിനേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനം കേരളമാണ്. 65 വയസ് പ്രായമുള്ളവർക്ക് വയോമിത്രം പദ്ധതിയിലൂടെ സമഗ്ര ആരോഗ്യ സുരക്ഷ ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. കാതോരം, സ്നേഹപൂർവ്വം, മിഠായി എന്നീ പദ്ധതികൾ ആരംഭിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. ബാലവേലയും ബാലഭിക്ഷാടനവും പൂർണ്ണമായും അവസാനിപ്പിക്കാനുള്ള പരിശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് സേഫ് പദ്ധതിയിലൂടെ അടിയന്തര സഹായങ്ങൾ നൽകുന്നുണ്ട്. വനിതാ വികസന

കോർപ്പറേഷൻ മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. സ്ത്രീകൾക്കായുള്ള പബ്ലിക് യൂറിനൽ സംവിധാനം പൂർണ്ണതയിലെത്തിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കാരാട്ട് റസാഖ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ സാധിച്ചതും ജില്ലാ-ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചതും അഭിനന്ദനാർഹമാണ്. കേരളത്തിലെ ആരോഗ്യരംഗം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. പകർച്ചവ്യാധികൾ തടയുന്നതിനുള്ള ബോധവൽക്കരണ പരിപാടിക്ക് തുടക്കം കുറിക്കാനും മീസിൽസ്, റുബെല്ലാ രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വാക്സിനേഷൻ ക്യാമ്പയിൻ ആരംഭിക്കാനും സാധിച്ചു. എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നടത്തിപ്പിനുവേണ്ടി സ്റ്റാഫ് നഴ്സിനെയും ഫിസിയോതെറാപ്പിസ്റ്റിനെയും നിയമിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികളിൽ പക്ഷാഘാത നിയന്ത്രണ ക്ലിനിക് ആരംഭിക്കുകയും ശബരിമല സന്നിധാനത്ത് പുതുതായി ആശുപത്രി സമുച്ചയം നിർമ്മിക്കുകയും പമ്പ മുതൽ സന്നിധാനം വരെ എമർജൻസി മെഡിക്കൽ സെന്ററുകൾ പ്രവർത്തിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ നേട്ടങ്ങളാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ശിശുമരണ നിരക്ക് കുറഞ്ഞിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും രോഗപ്രതിരോധത്തോടൊപ്പം മുൻകൂട്ടി രോഗനിർണ്ണയം നടത്തി ചികിത്സ നൽകുന്നതിനും നടപടിയുണ്ടാകണം. മലബാറിലെ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക സംവിധാനം ഒരുക്കണം. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഒട്ടേറെ പദ്ധതികൾ നടപ്പാക്കിവരികയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ലൈഫ് പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. രാജൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ആരോഗ്യ നയം രൂപീകരിക്കുന്നതിനും അഞ്ച് മെഡിക്കൽ കോളേജുകളിലും എട്ട് ജില്ലാ ആശുപത്രികളിലും കാത്ത്ലാബ് ആരംഭിക്കുന്നതിനും സാധിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആദ്യത്തെ ആൻജിയോപ്ലാസ്റ്റി സർജറി വിജയകരമായി പൂർത്തിയാക്കി. വനിതാ-ശിശുക്ഷേമത്തിന് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാനും സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിവിധ പദ്ധതികൾ വിജയകരമായി നടപ്പാക്കിയതിലൂടെ അനേകം

അവാർഡുകൾക്ക് ആരോഗ്യ വകുപ്പ് അർഹമായിട്ടുണ്ട്. ചുരുങ്ങിയ കാലയളവിൽ ആരോഗ്യരംഗത്ത് വലിയ മാറ്റം കൊണ്ടുവരാൻ ഈ സർക്കാരിന് സാധിച്ചു. ഒല്ലൂർ നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചികിത്സ ലഭിക്കാതെ ആദിവാസി മരിച്ചതടക്കം ആരോഗ്യ വകുപ്പിന്റെ അനാസ്ഥ സംബന്ധിച്ച വാർത്തകളാണ് ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇ-ഹെൽത്ത് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കണം. കാരുണ്യ പദ്ധതി അട്ടിമറിക്കാനുള്ള ശ്രമം സർക്കാർ ഉപേക്ഷിക്കണം. ജനസമ്പർക്ക പരിപാടി നടത്തി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മുഖ്യമന്ത്രി തയ്യാറാകണം. അത്യപൂർവ്വരോഗം ബാധിച്ച കുട്ടികളുടെ ചികിത്സാച്ചെലവ് പൂർണ്ണമായി ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചികിത്സ വൈകി ആദിവാസി മരണപ്പെട്ടതടക്കമുള്ള സംഭവങ്ങൾ ആവർത്തിക്കുന്നത് കേരളത്തിന് നാണക്കേടാണ്. ചികിത്സ നിഷേധിക്കപ്പെട്ട് മുരുകനെന്ന അന്യസംസ്ഥാനത്തൊഴിലാളി മരണപ്പെട്ട സംഭവത്തിൽ കുറ്റക്കാരെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്ത്

പൊതുജനാരോഗ്യത്തിന്റെ നിലവാരമുയർത്താൻ യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാനും രോഗി-ഡോക്ടർ അനുപാതം ഉയർത്താനും സർക്കാർ തയ്യാറാകണം. പനിമരണങ്ങൾ വർദ്ധിച്ചിരിക്കുകയാണ്. ഉന്മൂലനം ചെയ്യപ്പെട്ട രോഗങ്ങളുടെ തിരിച്ചുവരവ് നിയന്ത്രിക്കുന്നതിനോ പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിനോ പുതിയ മെഡിക്കൽ കോളേജുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനോ സർക്കാർ നടപടി സ്വീകരിക്കുന്നില്ല.

ശ്രീ. പുരുഷൻ കടലുണ്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ രംഗങ്ങളിൽ വൻകുതിപ്പാണ് സർക്കാർ നടത്തുന്നത്. ഹൃദ്രോഗം, കാൻസർ, ജീവിതശൈലീ രോഗങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയവ വർദ്ധിച്ച സാഹചര്യത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെ സേവനവും ആവശ്യത്തിന് മരുന്നുകളും ലഭ്യമാണ്. സംസ്ഥാന ആരോഗ്യ നയം നടപ്പിലാക്കുകയും കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പാസ്സാക്കുകയും 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ജില്ലാ-ജനറൽ-താലൂക്ക് ആശുപത്രികളിലായി 891 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

ക്ഷേമപെൻഷനുകൾ വീടുകളിലെത്തിക്കാനും ആരോഗ്യരംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും സൗജന്യ ചികിത്സ ലഭ്യമാക്കാനും 232 പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കാനും സാധിച്ചു. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയതിലൂടെ ചികിത്സാ ചെലവ് കുറയ്ക്കാനും രോഗികൾക്ക് ചികിത്സാ സഹായം വേഗത്തിൽ ലഭ്യമാക്കാനും കഴിഞ്ഞു. കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയയും സ്പെഷ്യാലിറ്റി ചികിത്സകളും സൗജന്യമായി നൽകാനും ചികിത്സയുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനും ആർദ്രം പദ്ധതിയിലൂടെ ജില്ലാ-താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കാനും സർക്കാരിന് സാധിച്ചു. ആശുപത്രികളെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര നീക്കത്തെ ഒറ്റക്കെട്ടായി ചെറുക്കണം.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അടിസ്ഥാന സൗകര്യ വികസനങ്ങൾ നടപ്പിലാക്കാത്തതിന്റെ ഫലമായി ആരോഗ്യരംഗം ഇന്ന് വളരെയധികം വെല്ലുവിളികൾ നേരിടുകയാണ്. സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതിന്റെ ഫലമായി പകർച്ചവ്യാധികൾമൂലമുള്ള മരണങ്ങളും പനിമരണങ്ങളും വർദ്ധിച്ചുവരുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനും അവ അടിയന്തരമായി വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളം

ആരോഗ്യ മേഖലയിൽ മുൻപന്തിയിലാണെന്ന നീതി ആയോഗിന്റെ വിലയിരുത്തലിനുള്ള കാരണം മുൻ യു.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തന മികവാണ്. അട്ടപ്പാടിയിലെ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യ മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകി ആവശ്യമായ തുക വകയിരുത്തുന്നതിനും അയ്യായിരത്തോളം തസ്തികകൾ സൃഷ്ടിക്കുന്നതിനും സൗജന്യ ചികിത്സാ പദ്ധതികൾ വഴി പ്രതിശീർഷ ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നതിനും യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ മേഖലയിലെ കഴിഞ്ഞ സർക്കാരിന്റെ നേട്ടങ്ങളെ ഇല്ലായ്മ ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഡ്ജറ്റിൽ അനുവദിച്ച തുക ചെലവഴിക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തിയിരിക്കുന്നു. ആരോഗ്യ കിരണം, സുകൃതം, ശ്രുതി തരംഗം തുടങ്ങിയ പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതോടൊപ്പം ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. തീരദേശ പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയിലെ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തുന്നതിനും 'റൈറ്റ് ടു ഹെൽത്ത് ' എന്ന രീതിയിൽ ആരോഗ്യ നയം രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കഴിഞ്ഞ രണ്ട് വർഷമായി ആരോഗ്യ മേഖലയിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 1957 മുതൽ 2017 വരെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പുരോഗമനപരമായ പദ്ധതികളുടെ ഫലമായിട്ടാണ് കേരളം ആരോഗ്യ രംഗത്ത് ഒന്നാമതാണെന്ന പരാമർശം നീതി ആയോഗ് നടത്തിയിട്ടുള്ളത്. ആർദ്രം മിഷൻ വഴി ആരോഗ്യ രംഗത്തെ പുതുതലമുറ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പശ്ചാത്തലസൗകര്യ വികസനങ്ങൾക്കുപരിയായി ആശുപത്രികൾ രോഗീ സൗഹൃദമാക്കുകയും ചികിത്സാച്ചെലവ് കുറച്ച് സാങ്കേതിക മികവുള്ളതാക്കി മാറ്റി മികച്ച സേവനം ലഭ്യമാക്കുകയുമാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതുവഴി ലക്ഷ്യമിടുന്നത്. 75 താലൂക്ക് ആശുപത്രികളെ സ്പെഷ്യാലിറ്റി സംവിധാനങ്ങളോടുകൂടി നവീകരിക്കുന്നതിന്റെ ഭാഗമായി 47 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിക്കുകയും 19 യൂണിറ്റുകളുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹെൽത്ത് സർവ്വീസസ് വകുപ്പിൽ 2426 തസ്തികകളും മെഡിക്കൽ

വിദ്യാഭ്യാസ വകുപ്പിൽ 1739 തസ്തികകളും ആയുഷ് വകുപ്പിൽ 106 തസ്തികകളുമടക്കം ആരോഗ്യ മേഖലയിൽ 4271 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. രണ്ട് മെഡിക്കൽ കോളേജുകൾക്കും 8 ജില്ലാ ആശുപത്രികൾക്കുമായി പുതിയതായി അനുവദിച്ച 10 കാത്ത്‌ലാബ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. നടത്തിവരികയും ആവശ്യമായ കാർഡിയോളജിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം മിഷനിലൂടെ ഗവൺമെന്റ് ആശുപത്രികളെ അത്യന്താധുനികമാക്കുന്നതിനും രോഗീസൗഹൃദമായി മാറ്റുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ മെഡിക്കൽ കോളേജുകളെയും സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക്, കാർഡിയോളജി, ന്യൂ ബോൺ യൂണിറ്റ് തുടങ്ങിയ പുതിയ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും എമർജൻസി വിഭാഗങ്ങൾ ശക്തമാക്കുന്നതിനും മെഡിക്കൽ കോളേജുകളിലെ പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. എസ്.എ.ടി. ആശുപത്രിയിൽ പുതിയ മാതൃ-ശിശു മന്ദിരത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ 50 എം.ബി.ബി.എസ്. സീറ്റുകൾക്ക് സ്ഥിര അംഗീകാരം നേടിയെടുക്കുന്നതിനും

പാരിപ്പള്ളി മെഡിക്കൽ കോളേജിൽ പുതിയതായി 100 സീറ്റുകൾകൂടി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വികസന പ്രവർത്തനങ്ങളുടെ ഭാഗമായി റേഡിയോളജി കോംപ്ലക്സിന്റെ ഒന്നാം ഘട്ടത്തിനായി 3 കോടി രൂപയും ക്ലിനിക്കൽ ബ്ലോക്കിന്റെ രണ്ടാം ഘട്ടത്തിനായി 5.20 കോടി രൂപയും മോർച്ചറി കോംപ്ലക്സിനായി 40 ലക്ഷം രൂപയും ശിശുവിഭാഗത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 1.80 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയതായി കാത്ത്ലാബ് യൂണിറ്റ് സ്ഥാപിക്കുന്നതിനും കാർഡിയോ തൊറാസിക് വിഭാഗത്തിനായി 14 തസ്തികകൾ സൃഷ്ടിക്കുന്നതിനും ലീനിയർ ആക്സിലറേറ്റർ യൂണിറ്റ് സ്ഥാപിക്കുന്നതിനും കഴിഞ്ഞതിനുപുറമെ 8 വിഭാഗങ്ങളിലായി 36 പി.ജി. സീറ്റുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കളമശ്ശേരി മെഡിക്കൽ കോളേജിൽ 117 പുതിയ തസ്തികകൾ അനുവദിക്കുകയും കിഫ്ബിയിലുൾപ്പെടുത്തി 368.75 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി നൽകി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികളെടുക്കുകയും കാത്ത്ലാബ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിനായി 6.44 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. 18 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും നെഫ്രോ, കാർഡിയോ, യൂറോ തുടങ്ങിയ

വിഭാഗങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നതാണ്. ഇ-ഹെൽത്ത് പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സംവിധാനമായിട്ടുണ്ട്. ക്ഷയം, കുഷ്ഠം, മന്ത് എന്നീ രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനായി സംസ്ഥാനത്ത് 13 എക്സ്പെർട്ട് ഗ്രൂപ്പുകളുടെ സ്ക്വാഡ് രൂപീകരിച്ച് ട്രെയിനിംഗ് നൽകിയതിന്റെ ഫലമായി രോഗികളെ കണ്ടെത്തി ചികിത്സ നൽകുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടിയുടെ ഭാഗമായി നൽകിവരുന്ന ധനസഹായം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒന്നാം ഘട്ട ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നതോടൊപ്പം കേരളത്തിലെ അഞ്ച് ആശുപത്രികളെയും ഹൈവേയിലുള്ള പ്രധാനപ്പെട്ട ആശുപത്രികളെയും ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതാണ്. റോഡ് സുരക്ഷയുടെ ഭാഗമായി റോഡ് ഗതാഗത വിഭാഗങ്ങളുമായി യോഗം ചേർന്ന് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചതിനു പുറമെ ജി.പി.എസ്. സംവിധാനങ്ങളോടുകൂടിയ 315 ആംബുലൻസ് സർവ്വീസുകൾ ആരംഭിച്ചുകൊണ്ട് ടോട്ടൽ ട്രോമാ കെയർ സിസ്റ്റം നടപ്പാക്കുന്നതിനും റോഡപകടങ്ങൾമൂലം ആദ്യ

മണിക്കൂറുകളിലുണ്ടാകുന്ന മരണനിരക്ക് കുറയ്ക്കുന്നതിനും സംവിധാനങ്ങളൊരുക്കുന്നതാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാക്കിയതിലൂടെ ആരോഗ്യ രംഗത്തെ സ്വകാര്യ മേഖലയിലെ കടന്നുകയറ്റത്തിന് നിയന്ത്രണമേർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ജനകീയ ആരോഗ്യ നയം പ്രഖ്യാപിക്കാൻ സാധിച്ചത് അഭിമാനകരമാണ്. കേരളത്തിലാദ്യമായി ഡബ്ല്യു.എച്ച്.ഒ.-യുടെ സഹായത്തോടെ ക്യാൻസർ പോളിസി നടപ്പിലാക്കുന്നതിനും ക്യാൻസർ ട്രീറ്റ്മെന്റ് പ്രോട്ടോകോൾ തയ്യാറാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആന്റിമൈക്രോബിയൽ റസിസ്റ്റന്റ്സ് സ്ട്രാറ്റജിയുണ്ടാക്കി ആന്റിബയോട്ടിക്കുകൾ നൽകുന്നതിൽ നിയന്ത്രണമേർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിലെ ജീവനക്കാരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി കഴിഞ്ഞവർഷം പനിമരണത്തിന്റെ തോത് കുറയ്ക്കാൻ സാധിച്ചു. ഈ വർഷം അതുമായി ബന്ധപ്പെട്ട് ആരോഗ്യ ജാഗ്രതാ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതോടൊപ്പം അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വാർഡ്തലത്തിൽ ആരോഗ്യസേനയുടെ പ്രവർത്തനമുൾപ്പെടെ സാധ്യമാക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ഡിസെബിലിറ്റി സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരം അവരെ

കണ്ടെത്തുന്നതിനായി അനുയാത്ര പദ്ധതി ആരംഭിക്കുകയും 3 കോടി രൂപ വീതം ചെലവഴിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ (ഡി.ഐ.സി) സ്ഥാപിക്കുന്നതുമാണ്. ശ്രുതിതരംഗം പദ്ധതി വഴി കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് ഉപകരണങ്ങളുടെ വാറന്റി പിരീഡ് വർദ്ധിപ്പിച്ചു കൊടുക്കുകയും ഓട്ടിസം, സെറിബ്രൽ പാൾസി രോഗികൾക്കായി 25 മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളിലെ പ്രമേഹ ചികിത്സയ്ക്കായുള്ള മിഠായി പദ്ധതിക്ക് തുടക്കം കുറിക്കുകയും അപൂർവ്വരോഗം ബാധിച്ച കുട്ടികളെ 'വി കെയർ' പദ്ധതിയിലുൾപ്പെടുത്തി ചികിത്സിക്കാനും തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകളുടെ സംരക്ഷണത്തിനായി വനിതാ വികസന കോർപ്പറേഷൻ മുഖേന 100 കോടി രൂപ വായ്പ നൽകുകയും ഷീ ടോയ്‌ലറ്റ്, ഷീ ടാക്സി എന്നിവ നടപ്പാക്കുകയും ഷീ ലോഡ്ജ് തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തി സംസ്ഥാനത്തിന് വയോശ്രേഷ്ഠ അവാർഡ് ലഭിച്ചു. 44 വയോമിത്രം യൂണിറ്റുകൾ ആരംഭിക്കുകയും ദന്തസംരക്ഷണത്തിനായി മന്ദഹാസം പദ്ധതി തുടങ്ങുകയും പ്രായം ചെന്നവർക്കുവേണ്ടി 14 ജില്ലകളിലും സായംപ്രഭാ ഹോമുകളും 70 പകൽ വീടുകളും നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയുഷ് വകുപ്പിന്റെ കീഴിൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്-കം-മ്യൂസിയം തുടങ്ങുന്നതും ഇന്റർനാഷണൽ

എക്സ്പോ സെമിനാർ നടത്തി കേരളത്തെ ആയുർവേദ ഹബ്ബാക്കി മാറ്റുന്നതുമാണ്. ഹോമിയോപ്പതിയുടെ കീഴിൽ ജനനി പോലുള്ള പദ്ധതികൾ ആരംഭിച്ചു. യുനാനി ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 90 ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഭക്ഷ്യസുരക്ഷയ്ക്കായി ആധുനിക ലാബ് സ്ഥാപിക്കാൻ തുക നീക്കിവയ്ക്കുകയും ചെയ്തതിനുപുറമെ നിലവിലുള്ള 3 ഭക്ഷ്യസുരക്ഷാ ലാബുകൾക്ക് എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ചിട്ടുമുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും 25-നെതിരെ 72 വോട്ടുകളോടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥന 26-നെതിരെ 73 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII. നിയമനിർമ്മാണം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അൻവർ സാദത്തിനുവേണ്ടി ശ്രീ. ഹൈബി ഈഡൻ: സർ, I move that - "This House resolves to disapprove The Kerala Professional Colleges (Regularisation of Admission in Medical Colleges) Ordinance, 2018

(Ordinance No. 1 of 2018)."

വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ച ആശങ്ക പരിഹരിക്കാനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. സ്വാശ്രയ കോളേജ് പ്രശ്നം സംബന്ധിച്ച് ധാരാളം ആശങ്കകൾ വിദ്യാർത്ഥി സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. കണ്ണൂർ അഞ്ചരക്കണ്ടി, പാലക്കാട് കരുണ എന്നീ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് പരീക്ഷയെഴുതാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഈ രണ്ട് മെഡിക്കൽ കോളേജുകളും അഡ്മിഷൻ പ്രോസസ്സിൽ ക്രമക്കേട് നടത്തിയിട്ടുള്ളതായി ജെയിംസ് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. എം.ബി.ബി.എസ്.-ന് മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളുടെ വാർഷിക ഫീസ് 1.85 ലക്ഷം രൂപയിൽനിന്ന് 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഈ ബിൽ പാസ്സാക്കുന്നതിന്റെ സദുദ്ദേശ്യം നിലനിൽക്കുമ്പോൾത്തന്നെ വിദ്യാർത്ഥികൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കണം. വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാകണമെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നോംസിന് അനുസൃതമായി സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ കൃത്യമായ നിയന്ത്രണം ഏർപ്പെടുത്താൻ ഗവൺമെന്റിന് സാധിക്കണം. ബില്ലിലെ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം കുട്ടികളുടെ ഭാവി സംരക്ഷിക്കുന്നതിനുള്ള ഗവൺമെന്റ് നിലപാടിനെ അനുകൂലിക്കുകയും

ചെയ്യുന്നു.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: നിരാകരണപ്രമേയത്തെ അനുകൂലിക്കുന്നു. നേരത്തെ കൊണ്ടുവന്ന ഓർഡിനൻസിനുപകരമായിട്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. മേൽനോട്ട സമിതിയുടെ എല്ലാ വ്യവസ്ഥകളും ലംഘിച്ചുകൊണ്ടും ഗവൺമെന്റുമായി യാതൊരു കരാറും ഒപ്പിടാതെയുമാണ് പാലക്കാട് കരുണ, കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ നടത്തിയത്. ഇത്തരത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ തുടർപഠനം മുടങ്ങരുതെന്ന സദുദ്ദേശ്യത്തോടുകൂടിയാണ് ഈ ബിൽ നിയമമാക്കുന്നത്. ഇതൊരു കീഴ്വഴക്കമാക്കാനോ മറ്റ് കോളേജുകൾ ഭാവിയിൽ ഇത്തരം പ്രവൃത്തി ചെയ്താൽ അത് ന്യായീകരിക്കപ്പെടാനോ പാടില്ല. ആരോഗ്യ സർവ്വകലാശാല ഈ ബിൽ അംഗീകരിക്കാതെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് റഫർ ചെയ്തിരിക്കുകയാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ്/ജനറൽ ബോഡി കൂടിയതിനുശേഷംമാത്രമേ അംഗീകാരം നൽകുകയുള്ളൂ. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ ഈ ബില്ലിൽ അന്തർലീനമായിട്ടുണ്ടെന്ന് മാത്രമല്ല ചില നിയമപരമായ വിഷയങ്ങളുമുണ്ട്. കോടതിയുടെ ഉത്തരവിനെ മറികടക്കുവാൻ ഈ ബിൽകൊണ്ട് സാധിക്കുമോയെന്ന് ഗവൺമെന്റ് പരിശോധിക്കണം. നിയമനിർമ്മാണ സഭയ്ക്ക് ജുഡീഷ്യൽ ഡിസിഷനെ

റിവേഴ്സ് ചെയ്യുന്നതിനോ ഓവർറൂൾ ചെയ്യുന്നതിനോ സാധിക്കുകയില്ലെന്ന് മദൻമോഹൻ പതക് Vs യൂണിയൻ ഓഫ് ഇന്ത്യ കേസിൽ വിധിച്ചിട്ടുണ്ട്. ജഡ്ജ്മെന്റ് അസാധുവാക്കാനുള്ള അവകാശം ലെജിസ്ലേച്ചറിനില്ല. എന്നാൽ കോടതി വിധിക്ക് ആധാരമായ ഒരു നിയമം ഭേദഗതി ചെയ്യാൻ ലെജിസ്ലേച്ചറിന് അധികാരമുണ്ട്. അതിനാൽ ഈ ബില്ലിന്റെ ഭാവി കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യതയുണ്ട്. ചിരഞ്ജിത്ത് ലാൽ ചൗധരി Vs യൂണിയൻ ഓഫ് ഇന്ത്യ കേസിൽ ഒന്നോ രണ്ടോ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോവേണ്ടി മാത്രം ഒരു ഓർഡിനൻസോ നിയമമോ ഉണ്ടാക്കാൻ പാടില്ലെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. സമൂഹത്തിനുവേണ്ടിയാണ് നിയമനിർമ്മാണം നടത്തേണ്ടത്. ഒരാളെ അല്ലെങ്കിൽ ഒരു സ്ഥാപനത്തെ രക്ഷിക്കുന്ന നടപടി യഥാർത്ഥത്തിൽ സ്വീകരിക്കാൻ പാടില്ല. വെറും പതിനഞ്ച് ലക്ഷം രൂപകൊണ്ട് പി.ജി. പഠനം പൂർത്തിയാക്കേണ്ട സ്ഥാനത്ത് ഓരോ വർഷവും പതിനഞ്ച് ലക്ഷം രൂപ നൽകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. മെഡിക്കൽ പഠനം മുന്നോട്ടുകൊണ്ടു പോകുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കണം. എൻ.എം.സി. നടപ്പിലാക്കുന്നതോടെ സ്വകാര്യമേഖലയ്ക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കും. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്കുപകരം നാല് വർഷം മാത്രം കാലാവധി നിശ്ചയിച്ചിട്ടുള്ള എൻ.എം.സി.യുടെ ഇരുപത്തിയഞ്ച് അംഗങ്ങളുള്ള നോമിനേറ്റഡ്

ബോഡിയിൽ ഒരേസമയം അഞ്ച് സ്റ്റേറ്റുകൾക്ക് മാത്രമേ പ്രാതിനിധ്യം ലഭിക്കുകയുള്ളൂ. അതിൽ ചിലപ്പോൾ കേരള ആരോഗ്യസർവ്വകലാശാലയ്ക്കും പ്രാതിനിധ്യം ലഭിക്കാത്ത അവസ്ഥ സംജാതമാകും. അത്തരമൊരു നിയമമാണ് കേന്ദ്രഗവൺമെന്റ് പാസ്സാക്കിയിട്ടുള്ളത്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കാനും യോഗ്യതയുള്ളവരെ പ്രൊഫഷണൽ കോളേജ് അദ്ധ്യാപകരായി നിയമിക്കാനും ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ശമ്പളം കാലോചിതമായി വർദ്ധിപ്പിക്കാനും മെഡിക്കൽ സയൻസിനെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: '2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-04-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന്' ഭേദഗതി അവതരിപ്പിക്കുന്നു. കരുണ, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ 2016-17 അധ്യയന വർഷം നടന്ന മെഡിക്കൽ പ്രവേശനത്തിൽ മേൽനോട്ട സമിതിയുടെ നിർദ്ദേശങ്ങൾ പാലിക്കുകയോ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ അക്കാഡമിക

നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുകയോ ചെയ്യാത്തതിനാൽ പ്രവേശനം റദ്ദാക്കുകയും സമിതിയുടെ തീരുമാനം ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീം കോടതിയും ശരിവയ്ക്കുകയും ചെയ്തെങ്കിലും അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ ഭാവി മുൻനിർത്തിയും വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും അഭ്യർത്ഥനപ്രകാരവുമാണ് കക്ഷിരാഷ്ട്രീയഭേദമെന്യേ ഇപ്രകാരമൊരു ബിൽ അവതരിപ്പിക്കാനിടയായത്. പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് തങ്ങളുടേതല്ലാത്ത കാരണത്താൽ പഠിക്കാനുള്ള അവസരം നഷ്ടപ്പെടുമ്പോൾ കുറഞ്ഞ "നീറ്റ്" റാങ്കുള്ള വിദ്യാർത്ഥികൾ മറ്റ് കോളേജുകളിൽ പ്രവേശനം നേടുന്ന അവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. കൊല്ലം അസീസിയ മെഡിക്കൽ കോളേജിൽ എം.ഡി. കോഴ്സ് പഠനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കാനും അമിത ഫീസ് ഈടാക്കുന്ന സെൽഫ് ഫിനാൻസിംഗ് കോളേജുകളെ നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് അട്ടിമറിക്കുന്ന സാഹചര്യമൊഴിവാക്കാനും മെരിറ്റ് പാലിച്ചവരെ ക്രമവൽക്കരിക്കുന്നതിനുമാണ്

ഇത്തരമൊരു ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കരുണ, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച കുട്ടികളുടെ പ്രവേശനം റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടിയുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കോച്ചിംഗ് സെന്ററുകൾക്ക് പണം സമ്പാദിക്കാനുള്ള മേഖലയാക്കി എൻട്രൻസ് പരീക്ഷകളെ മാറ്റിയിരിക്കുകയാണ്. അതിനൊരു മാറ്റം അനിവാര്യമാണ്. മെരിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം അനുവദിക്കണം. അഞ്ചരക്കണ്ടി, കരുണ മെഡിക്കൽ കോളേജുകളിലെ കുട്ടികളുടെ ഭാവി അപകടത്തിലാകുമെന്ന് മനസ്സിലാക്കി പ്രശ്നപരിഹാരത്തിന് ശ്രമിച്ചപ്പോൾ വഴങ്ങാത്ത സാഹചര്യത്തിലാണ് ഈ ബിൽ അവതരിപ്പിക്കേണ്ടി വന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമങ്ങളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന നിയമനിർമ്മാണ സഭയുടെ അധികാരം ഉപയോഗപ്പെടുത്തുന്നത് ശ്ലാഘനീയമാണ്. വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും അവസാനത്തെ ആശ്രയമാണ് ഈ ബിൽ. അപേക്ഷ നൽകിയ കുട്ടികൾക്കു മാത്രമല്ല സമാനസ്ഥിതിയിൽപ്പെട്ട എല്ലാ കുട്ടികളുടെയും ഭാവി സുരക്ഷിതമാക്കുന്നതിന് ഈ ബിൽ ഉപകരിക്കും. സുപ്രീംകോടതി വിധി മറികടക്കാൻ പുനഃപരിശോധനാ ഹർജിക്ക് സാധ്യതയില്ലാത്ത സാഹചര്യത്തിൽ ഓർഡിനൻസിലേയ്ക്കും ബില്ലിലേയ്ക്കുമെത്തിയ

നടപടി അഭിനന്ദനാർഹമാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2016-17 അധ്യയന വർഷം നടന്ന മെഡിക്കൽ പ്രവേശനത്തിൽ 2006-ലെ 19-ാം നമ്പർ നിയമം അനുസരിച്ച് മെഡിക്കൽ പ്രവേശനത്തിന് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ അഞ്ചരക്കണ്ടി, കരുണ മെഡിക്കൽ കോളേജുകൾ തയ്യാറാകാത്തതിന്റെ ഫലമായി കുട്ടികൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. പ്രവേശന മേൽനോട്ട സമിതിയുടെ നിയമവ്യവസ്ഥകൾ പാലിക്കാൻ രണ്ട് മാനേജ്മെന്റുകൾ തയ്യാറാകാതിരുന്നതാണ് കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകാൻ ഇടയാക്കിയത്. മാനേജ്മെന്റുകളുമായി പ്രത്യേക കരാറുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിച്ചപ്പോഴും പ്രസ്തുത കോളേജുകൾ സർക്കാരുമായി കരാറുണ്ടാക്കുന്നതിനോ 50% മെരിറ്റ് സീറ്റ് കൈമാറുന്നതിനോ തയ്യാറാകാതെ കോടതിവിധിയിലൂടെ ഉയർന്ന ഫീസ് ഈടാക്കാൻ അനുവാദം നേടിയെടുക്കുകയും തന്നിഷ്ടപ്രകാരം പ്രവേശന ലിസ്റ്റ് തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുകയുമാണുണ്ടായത്. സർക്കാരിന്റെ എതിർപ്പിനെത്തുടർന്ന് ഹൈക്കോടതിയും സുപ്രീംകോടതിയും പ്രസ്തുത പ്രവേശന ലിസ്റ്റ് റദ്ദാക്കുകയുണ്ടായി. സ്വാശ്രയ മേഖലയിലെ കൊള്ള അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും. മെഡിക്കൽ കമ്മീഷൻ

രൂപീകരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ/ അഭിപ്രായങ്ങൾ/ആശങ്കകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അഞ്ചരക്കണ്ടി, കരുണ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റിന്റെ നിരുത്തരവാദപരമായ സമീപനവും കുട്ടികളുടെ ഭാവിയും കണക്കിലെടുത്താണ് ഇത്തരത്തിലൊരു ബിൽ കൊണ്ടുവന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(ii) <u>2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ ബാലൻ): 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ ബാലൻ): 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അടൂർ പ്രകാശ്: I move that- “ This House resolves to disapprove The Madras Hindu Religious and Charitable Endowments (Amendment) Ordinance, 2018 (Ordinance No. 12 of 2018)” .

1951-ൽ മദ്രാസ് നിയമസഭ പാസ്സാക്കിയ മൂലനിയമത്തിൽ ഇതുവരെ പത്ത് ഭേദഗതികളാണ് വന്നിട്ടുള്ളത്. 1971-ൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ്

അസൈൻമെന്റ് ആക്ട് നിലവിൽ വന്നതോടുകൂടി മലബാർ ക്ഷേത്രങ്ങളിലെ ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുകയും നിത്യനിദാന ചെലവുകൾക്കുപോലും വകയില്ലാതെ ക്ഷേത്രജീവനക്കാരുടെ ജീവിതം പരിതാപകരമായ അവസ്ഥയിലാകുകയും ചെയ്തതായ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം കോടതി റിട്ടായി പരിഗണിക്കുകയുണ്ടായി. ക്ഷേത്രജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകാനും ആന്വിറ്റി ആനുപാതികമായി പരിഷ്കരിക്കാനും മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാനും മലബാർ-തിരുവിതാംകൂർ-കൊച്ചി എന്നീ മൂന്ന് ദേവസ്വങ്ങൾക്കും ബാധകമാകുന്ന വിധത്തിൽ ഒരു ഏകീകൃത നിയമം കൊണ്ടുവരാനും 1994-ൽ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ 14 വർഷം കഴിഞ്ഞാണ് നിയമം പാസ്സാക്കിയത്. ഇതിനിടയിൽ വിവിധ കാരണങ്ങളാൽ അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ സർക്കാർ ഒരു ഓർഡിനൻസിലൂടെ നിലവിലുണ്ടായിരുന്ന ഏരിയ കമ്മിറ്റികളെ പിരിച്ചുവിടുകയാണുണ്ടായത്. ഇഷ്ടപ്പെട്ടയാളെ കമ്മീഷണറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനാണ് പുതിയ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. റദ്ദാക്കപ്പെട്ട വകുപ്പിലെ അർഹരായ ഉദ്യോഗസ്ഥരുടെ അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി എന്ന വ്യാജേന ഓർഡിനൻസിൽക്കൂടി ഒരു നിയമം കൊണ്ടുവരികയും അതിന് 2017 മുതൽ പ്രാബല്യം നൽകുകയും ചെയ്തത്

ശരിയായ നടപടിയല്ല.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി <u>ശ്രീ. എ. പി. അനിൽ കുമാർ</u>: നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നു. വളരെയധികം പരിമിതികളും പ്രയാസങ്ങളുമനുഭവിക്കുന്ന മലബാർ ദേവസ്വം ബോർഡിന് വളരെ കുറച്ച് ക്ഷേത്രങ്ങളിൽനിന്നാണ് വരുമാനം ലഭിക്കുന്നത്. ബാക്കി ക്ഷേത്രങ്ങൾ ഗവൺമെന്റ് നൽകുന്ന ഗ്രാന്റുകൊണ്ടാണ് പ്രവർത്തിക്കുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഏരിയ കമ്മിറ്റി പിരിച്ചുവിട്ടുകൊണ്ടുള്ള ഓർഡിനൻസാണ് ആദ്യം കൊണ്ടുവന്നത്. ഏകീകൃത ദേവസ്വം നിയമം കൊണ്ടുവരണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നെങ്കിലും അക്കാര്യം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. ദളിത് ആദിവാസി വിഭാഗങ്ങൾക്കുനേരെയുള്ള അതിക്രമങ്ങളും കയ്യേറ്റങ്ങളും വർദ്ധിച്ചുവരികയാണ്. ദേവസ്വം ബോർഡുകളിലെ സംവരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സി.പി.ഐ. (എം)-ന്റെ നിലപാടിനോട് യോജിക്കാൻ കഴിയില്ല. മതപരമായ വിഷയങ്ങളിൽ ബി.ജെ.പി. സ്വീകരിക്കുന്ന നിലപാടുകളെ ഒറ്റക്കെട്ടായി എതിർക്കണം.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി <u>ശ്രീ. എം. രാജഗോപാലൻ</u>: 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. മതപരമായ വിഷയങ്ങളെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. 1872-ലും 1927-ലുമാണ് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാറിലെ ക്ഷേത്രങ്ങൾക്കുകൂടി ബാധകമാകുന്ന തരത്തിൽ മദ്രാസ് നിയമസഭയിൽ നിയമനിർമ്മാണങ്ങൾ നടന്നിട്ടുള്ളത്. വർഷങ്ങളായി നിലനിൽക്കുന്ന വിവേചനം അവസാനിപ്പിക്കണമെന്ന കേരള ഹൈക്കോടതി വിധിയെത്തുടർന്നാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാനിടയായത്. നിത്യവൃത്തിക്ക് വകയില്ലാതെ വിഷമിച്ചിരുന്ന മലബാറിലെ ക്ഷേത്രജീവനക്കാർക്ക് ന്യായമായ ശമ്പളവും ആനുകൂല്യങ്ങളും ഉറപ്പുവരുത്താനും ക്ഷേത്രങ്ങളുടെ ഗ്രേഡ് നിശ്ചയിക്കാനും ബോർഡ് രൂപീകരണത്തോടെ കഴിഞ്ഞു. മലബാർ ദേവസ്വത്തിന്റെ അധീനതയിലുള്ള ഭൂമി അന്യാധീനപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഒരു ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ബോർഡ് അംഗങ്ങളുടെ കാലാവധി നാല് വർഷമായി ഉയർത്തുന്നത് കാര്യക്ഷമമായ ഭരണനിർവ്വഹണത്തിന് സഹായകമാകും. അഞ്ച് ബോർഡുകളും ഏകീകരിച്ച് പൊതുനിയമത്തിൻ കീഴിൽ കൊണ്ടുവരുന്നതിനെക്കുറിച്ചും ഗുരുവായൂർ ദേവസ്വത്തിന്റെ വാർഷിക വരുമാനത്തിൽ നിന്നും നിശ്ചിത തുക മലബാർ ദേവസ്വം ബോർഡിന് ലഭ്യമാക്കുന്നതിനാവശ്യമായ വ്യവസ്ഥ ഉൾപ്പെടുത്തുന്ന കാര്യവും പരിശോധിക്കണം. മലബാറിലെ കാവുകളും

ക്ഷേത്രക്കുളങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കുന്നതിനും ക്ഷേത്ര സ്ഥാനികരുടെയും കോലധാരികളുടെയും ശാന്തിക്കാരുടെയും ദയനീയാവസ്ഥ പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. റോജി എം. ജോണിനു വേണ്ടി ശ്രീ. വി. ടി. ബൽറാം: 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 1956-ലെ കേരള രൂപീകരണത്തിന് ശേഷവും 1951-ലെ മദ്രാസ് ഹിന്ദുമത ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രാബല്യത്തിലിരിക്കുകയായിരുന്നു. ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഹിന്ദുമത ധർമ്മസ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. 2008-ലെ ഭേദഗതി പ്രകാരം ധർമ്മസ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സർക്കാർ വകുപ്പിൽ നിന്നും മലബാർ ദേവസ്വം ബോർഡിന്റെ കീഴിലാക്കുകയുണ്ടായി. ബോർഡിലേയ്ക്ക് മാറിയ ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും മറ്റ് സേവന വ്യവസ്ഥകളും പഴയതുപോലെ തുടരുന്നതാണെന്ന് 2008-ലെ ഭേദഗതി ആക്ടിന്റെ 19 (ജി)(1) വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. നിർത്തലാക്കിയ വകുപ്പാണെങ്കിലും

ജീവനക്കാരെ സംബന്ധിച്ചിടത്തോളം പ്രൊട്ടക്ഷൻ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതേ ഭേദഗതി ആക്ടിന്റെ 8(സി)യിൽ വന്ന ഭേദഗതിമൂലം മുമ്പ് പ്രമോഷൻ തസ്തികയായ കമ്മീഷണർ പദവിലേയ്ക്ക് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന വ്യവസ്ഥ ചേർത്തത് മേൽ വകുപ്പിന് വിരുദ്ധമാകുന്ന സാഹചര്യം സൃഷ്ടിച്ചു. സർക്കാർ വകുപ്പിലുണ്ടായിരുന്നതും മലബാർ ദേവസ്വം ബോർഡിലെ സർവ്വീസിൽ തുടരുന്നതുമായ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന് മലബാർ ദേവസ്വം ബോർഡിന്റെ കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കാനുള്ള സാധ്യത 8 (സി)വകുപ്പുകൊണ്ട് ഇല്ലാതാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി കൂട്ടിച്ചേർത്തത്. ക്ഷേത്ര പ്രവേശനത്തിന് ശേഷം ദളിതനെ പൂജാരിയാക്കുന്നതിനുള്ള ചരിത്രപരമായ തീരുമാനമെടുത്ത സർക്കാരാണിത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്കുയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(സഭ വൈകുന്നേരം 5.11-ന് പിരിഞ്ഞു.)

*****